LIBRARY ARCHIVES Kerala Legislative Assembly

### ഐ.ടി.ഐ.കളിൽ പുതിയ കമ്പ്യൂട്ടർ കോഴ്സുകൾ

261(4271) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലും സമാന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുതിയ കംപ്യൂട്ടർ അധിഷ്ഠിത ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം കോഴ്സുകളാണ് അനുവദിക്കുകയെന്ന് വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പ് ഐ.ടി.ഐ.-യിൽ പ്രസ്തുത ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം കോഴ്സുകളാണ് അനുവദിക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ അധിഷ്ഠിത ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് സർക്കാർ പരിശോധിക്കുന്നതാണ്.

### പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി

262(4272) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര ഐ.ടി.ഐ.-കളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; നിലവിലുള്ള ഐ.ടി.ഐ.-കൾ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിലവിൽ 104 സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. ആയതിൽ 81 ഐ.ടി.ഐ.-കൾ ബ്ലോക്ക് പഞ്ചായത്തുകളിലും 23 ഐ.ടി.ഐ.-കൾ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ പരിധിയിലും പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന ഐ.ടി.ഐ.-കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ ഐ.ടി.ഐ.-കൾ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.